ശ്രീ. ആർ. ബാലകൃഷ്ണപിള്ള : മലബാർ ഞങ്ങളുടേയുംകൂടി വക യാണ്. മലബാറിലെ വികസനപ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള തടസ്സങ്ങൾ മാറ്റുന്നതിന് സഭയുടേയും അങ്ങയുടേയും സഹായസഹകരണം വേണമെന്നേ ഗവൺമെന്റ് പറഞ്ഞുള്ളു.

.....(ബഹളം).....

മി. സ്പീക്കർ : അദ്ദേഹം വളരെ സമുദ്ദേശ്യത്തോടുകൂടി പറഞ്ഞ താണ്, ആരെയും മുറിപ്പെടുത്തുവാൻ പറഞ്ഞതല്ല.

(6) ചുഴലിക്കാറ്റുമൂലം നാശനഷ്ടം സംഭവിച്ചവർക്ക് നഷ്ടപരിഹാരം

ശ്രീ. എം. കെ. കേശവൻ : സർ, 14-11-1986 രാത്രിയിൽ ഉണ്ടായ ചുഴലി ക്കാറ്റിന്റെ ഫലമായി വൈക്കം താലൂക്കിലെ മറവൻതുരുത്ത് പഞ്ചായത്തിൽ രണ്ടാം വാർഡിൽ കിഴക്കേതിൽ കേശവനെന്ന ആളിന്റെ ഇരുപത്തഞ്ചായിരത്തി ലേറെ രൂപ വിലവരുന്ന വീടിന്റെ പുറത്ത് ഒരു വലിയ വൃക്ഷം മറിഞ്ഞു വീണ് വീട് പൂർണ്ണമായും നശിച്ചുപോയി. അതുപോലെ തലയോലപ്പറമ്പ് പഞ്ചായത്തിലെ അഞ്ചാംവാർഡിൽ ചെറുനിലത്ത് അലിയാർ, നാലുവള്ളത്തിൽ തങ്കപ്പൻ എന്നിവരുടെ വീടുകളും പൂർണ്ണമായും നശിക്കുകയും ആ പ്രദേ ശത്തുള്ള തെങ്ങ്, വാഴ, കമുക്, റബ്ബർ തുടങ്ങിയ കൃഷികൾക്ക് നാശ നഷ്ടങ്ങൾ ഉണ്ടാക്കുകയും ചെയ്തിരിക്കുന്നു. ഈ പ്രദേശത്ത് താമസിക്കുന്ന ആളുകളിൽ ഭൂരിപക്ഷവും കർഷകത്തൊഴിലാളികളും പാവപ്പെട്ട കൂലി വേലക്കാരുമാണ്. ഇങ്ങനെ നഷ്ടപ്പെട്ട വീടുകൾ വീണ്ടും കെട്ടിമേയാനുള്ള സാഹര്യം അവർക്കില്ലാത്തതുകൊണ്ട് അടിയന്തിരമായി അതിനെക്കുറിച്ച് അന്വേഷിച്ച് വീട് നഷ്ടപ്പെട്ടവർക്കും കൃഷി നഷ്ടപ്പെട്ടവർക്കും സാമ്പത്തിക സഹായം നൽകുവാനും വീടിന്റെ പുനർനിർമ്മാണം നടത്തുവാനും സഹായം എത്തിച്ചുകൊടുക്കണമെന്ന് ഞാൻ റവന്യൂ വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. പി ജെ. ജോസഫ്) : സർ, ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ച കാര്യങ്ങൾ പതിനാലാം തീയതി രാത്രിയിൽ മറവൻതുരുത്ത് പഞ്ചായത്തിലെ രണ്ടാം വാർഡിൽ കിഴക്കേതിൽ കേശവനെന്ന ആളിന്റെ വീടിന്റെ പുറത്ത് ഒരു മരംവീണ്, ആ വീട് പൂർണ്ണമായും നശിച്ചുപോയി. അതുപോലെ അഞ്ചാംവാർഡിൽ കുഞ്ഞൻ തങ്കപ്പൻ എന്ന ആളിന്റെ ഓല മേഞ്ഞ പുര നശിച്ചുപോയിട്ടുണ്ട്. അലിയാർ എന്ന ആളിന്റെ വീടും ഇതു പോലെ നശിച്ചിട്ടുണ്ട്. വ്യാപകമായ ചുഴലിക്കാറ്റുണ്ടായതായി റിപ്പോർട്ടില്ല. കൃഷിക്കാർക്ക് ചില നാശനഷ്ടങ്ങളുണ്ടായിട്ടുണ്ട്. അവർക്കെല്ലാം സഹായം കൊടുക്കുവാൻ വേണ്ട നടപടികളും ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്.

(7) അനധികൃതമായ കുടിയൊഴിപ്പിക്കൽ

ശ്രീ. കെ. ഇ. ഇസ്മയിൽ : സർ, കഴിഞ്ഞ എഴുപത്തിയഞ്ചു കൊല്ല ക്കാലമായി കൈവശം വച്ച് താമസിച്ചുവരുന്ന ഒരു ഹരിജൻ കുടുംബത്തെ പോലീസിന്റെ സഹായത്തോടുകൂടി റോണക്ഷായിൽ സ്വാധീനമുള്ള ചില ആളുകൾ ഒഴിപ്പിക്കുവാൻ ശ്രമിക്കുന്നു. ഇന്നാട്ടിലെ പാവപ്പെട്ട ഹരിജനങ്ങളെ സംരക്ഷിക്കുവാൻ എന്തെങ്കിലും അടിയന്തിര നടപടികൾ എടുക്കണമെന്ന വിഷയം ഞാൻ ഇവിടെ ഉന്നയിക്കുകയാണ്. പട്ടാമ്പി നിയോജകമണ്ഡല ത്തിലെ നെല്ലായ പഞ്ചായത്തിൽ എഴുവന്തല ഭാഗം പട്ടിശ്ശേരി ദേശത്ത് പടിയത്തുപ്പടി കോരന്റെ കുടുംബം കഴിഞ്ഞ എഴുപത്തിയഞ്ചു കൊല്ലങ്ങളായി

LIBRARY ARCHIVES Kerala Legislative Assembly